"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പാലക്കാട് എടത്തനാട്ടുകര പി.കെ.എച്ച്.എം.ഒ.യു.പി.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീ. ജോളി മാത്യു ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 47/2024-ന്റെ 05.04.2024-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4387/2025/GEDN തീയതി,തിരുവനന്തപുരം, 02-07-2025

പരാമർശം:-

1. ശ്രീ. ജോളി മാത്യു ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 47/2024-ന്റെ 05.04.2024-ലെ വിധിന്യായം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.06.2024, 09.08.2024, 05.03.2025 തീയതികളിലെ ഇ.എം1/644/2024/ഡിജിഇ നമ്പർ കത്തുകൾ
3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറിന്റെ 09.07.2024- ലെ DEOMKD/27/2024-B4 നമ്പർ കത്ത്
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 10.07.2024-ലെ DDEPKD/178/2024-B5 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് എടത്തനാട്ടുകര പി.കെ.എച്ച്.എം.ഒ.യു.പി.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീ. ജോളി മാത്യു ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 47/2024-ന്റെ 05.04.2024-ലെ വിധിന്യായത്തിൽ, EXT P1 (Representation dated 01.06.2009, EXT P4 (Revision petition dated 01.02.2023) EXT P5 (Representation dated 04.03.2023) എന്നിവ പരിശോധിച്ചും, ഹർജിക്കാരനെയും അഞ്ചാം എതിർകക്ഷിയെയും മറ്റു കക്ഷികളെയും കേട്ടും തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ്

സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 11.07.2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) പരാതിക്കാരനായ ശ്രീ. ജോളി മാത്യുവിന്റെ അപേക്ഷ ഇപ്രകാരമാണ്:

“1 . ഹർജിക്കാരൻ പാലക്കാട് ജില്ലയിലെ തച്ചമ്പാറ ദേശബന്ധു ഹൈസ്കൂളിൽ 27.6.2002 മുതൽ 31.3.2003 വരെ അവധി ഒഴിവിലും 2.6.2003 മുതൽ റഗുലർ ആയും U P S T ആയി നിയമിക്കപ്പെട്ടു. ഈ നിയമനങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്.

2. ഹർജിക്കാരന്റെ വിദ്യാഭ്യാസ യോഗ്യത BA (Economics) and BEd (Social Studies) ആണ്. 2006-ൽ MA English യോഗ്യതയും 2011-ൽ BEd (English) യോഗ്യതയും നേടി.

3 . ഈ സ്കൂളിൽ 2008-09 വർഷം രണ്ട് HST English തസ്തികകൾ അനുവദിച്ചു. GO(P)No.184/2005/GEDN DATED 14.6.2005 പ്രകാരം HST(English) അധ്യാപക തസ്തികയ്ക്ക് ഞാൻ യോഗ്യനായിരുന്നിട്ടും സീനിയർ അവകാശി ആയിരുന്നിട്ടും ഈ തസ്തികയിലേക്ക് ഹർജിക്കാരന് പ്രൊമോഷൻ നല്കിയില്ല. പകരം പുതുതായി രണ്ട് പേരെ നിയമിച്ചു. ഇതിൽ ഒരാൾ 31.5.2009-ന് രാജി വെച്ചു (ശ്രീ ജീജു ജി.). 15.1.2009-ന് നിയമിക്കപ്പെട്ട മറ്റെ വ്യക്തിക്ക് (ശ്രീമതി അജിത ഗുപ്ത ഇ ) റൂൾ 43 അവകാശം മറികടന്ന് DEO അംഗീകാരം നൽകി.

4. റൂൾ 4 3 അവകാശം മറികടന്ന് ശ്രീ. ജീജു ജി. എന്നയാളെ നിയമിച്ചതിനെതിരെ 14.10.2008-ന് ഞാൻ പാലക്കാട് ഡി.ഇ.ഒ.യ്ക്ക് പരാതി നൽകിയെങ്കിലും പരിഗണിക്കപ്പെട്ടില്ല. (അന്ന് ഈ സ്കൂൾ പാലക്കാട് ഡി.ഇ.ഒ.യുടെ പരിധിയിൽ ആയിരുന്നു. ഇപ്പോൾ മണ്ണാർക്കാട് ഡി.ഇ.ഒ.യുടെ പരിധിയിലാണ്) . തുടർന്ന് 1.6.2009-ന് സർക്കാരിലേക്ക് അപ്പീൽ സമർപ്പിച്ചു.

5. 2008-09-ൽ അനുവദിക്കപ്പെട്ട അധിക ഇംഗ്ലീഷ് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. ജീജു ജി. 31.5.2009-ന് രാജി വെച്ച ഒഴിവിൽ ശ്രീമതി റെമി ജോസഫ് എന്ന വ്യക്തിയെ 1.6.2009-ന് HST English ആയി നിയമിച്ചു. ഈ നിയമനവും DEO അംഗീകരിച്ചു. ഇതും ഹർജിക്കാരന്റെ സീനിയോറിറ്റി മറികടന്നാണ് അംഗീകരിച്ചിട്ടുള്ളത്.

6. 04.11.2010 മുതൽ 19.10.2011 വരെ ശ്രീമതി അജിത ഗുപ്ത ഇ. എന്ന HST Englsh അധ്യാപിക ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. ഈ ഒഴിവിലേക്ക് 1.6.2011-ന് ഹർജിക്കാരന് നിയമന ഉത്തരവ് നല്കിയെങ്കിലും ഇതിന് അംഗീകാരം കിട്ടിയില്ല.

7. 2011-12-ൽ മറ്റൊരു HST Engllsh അധികതസ്തിക അനുവദിച്ചു. ഇതിലേക്കും ഹർജിക്കാരന് പ്രൊമോഷൻ നല്കാതെ ശ്രീമതി ജയശ്രീ ടി.എ. എന്ന വ്യക്തിയെ നിയമിച്ചു.

8. ശ്രീമതി ധന്യ കെ.എം. എന്ന അധ്യാപിക സർക്കാർ ജോലി കിട്ടിയതിനാൽ 1810.2011-ന് രാജി വെച്ചു. ഈ ഒഴിവിലേക്കും ഹർജിക്കാരന് പ്രൊമോഷൻ നല്കാതെ 2011-12-ലെ അധികതസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി ജയശ്രീ ടി.എ.-യെ ഈ ഒഴിവിലേക്ക് മാറ്റി നിയമിച്ചു. ഈ നിയമനം ഡി.ഇ.ഒ. അംഗീകരിച്ചു.

9. ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. [WP(C)No.9914/2012(L)]. ഇതിലെ വിധിയിൽ (22.1.2021) സർക്കാരിനെ സമീപിക്കാൻ നിർദ്ദേശിച്ചതനുസരിച്ച് 4.3.2023-ന് സർക്കാരിലേക്ക് അപ്പീൽ നൽകി.

10. 2018-19-ൽ വന്ന HST English അധികതസ്തികയിലേക്ക് പ്രൊമോഷൻ നല്കിയത് മണ്ണാർക്കാട് DEO 15.7.2018 മുതൽ 14.07.2019 വരെ നോഷണലായി അംഗീകരിച്ചു. (B4/20642/2021 dated 27.4.2021, DEO Mannarkkad). ഇത് ക്രമപ്രകാരമല്ലാത്തതിനാൽ ഇതിനെതിരെ 1.2.2023-ന് സർക്കാരിലേക്ക് അപ്പീൽ നൽകി. ഈ അപ്പീൽ സർക്കാർ അനുവദിക്കുകയും തുടർനടപടി സ്വീകരിക്കാൻ മണ്ണാർക്കാട് ഡി.ഇ.ഒ.യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. (G.O.(Rt)No.2366/2024/GEDN Dated 22.3.2024). ഡി.ഇ.ഒ.യിൽ നിന്നും ഇതിൽ ഇതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ല.

11. ധാരാളം ഒഴിവുകൾ ഉണ്ടായിട്ടും ഹർജിക്കാരന് പ്രൊമോഷൻ തരാതെ ഈ ഒഴിവുകളിൽ പുറത്തു നിന്നുള്ള വ്യക്തികൾക്ക് നൽകിയ നിയമനം അംഗീകരിച്ച ഡി.ഇ.ഒ.യുടെ നടപടി ക്രമപ്രകാരമല്ല. ആയതിനാൽ താഴെ കാണുന്ന കാര്യങ്ങൾ അനുവദിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു,

1. 15.07.2008 മുതൽ എനിക്ക് അർഹതപ്പെട്ട HST English തസ്തികയിലേക്ക് എന്നെ പ്രൊമോട്ട് ചെയ്തതായി പരിഗണിച്ച് 15.07.2008 മുതൽ HST സീനിയോറിറ്റി അനുവദിക്കുന്നതിനുള്ള ഉത്തരവ് നൽകണം.

2. HST English തസ്തികയിൽ താഴെ കാണുന്ന കാലയളവിൽ ഒഴിവുകൾ ഉണ്ടാവുകയും അവയിൽ എനിക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

| | Period | Nature of vacancy | Remarks |
|---|---|---|---|
| 1 | 4.11.2010 to 19.10.2011 | LWA vacancy of | The vacancy is from 4.11.2010 to 19.10.2011. But the Manager |

| | | | |
|---|---|---|---|
| | | Smt Ajitha Gupta E. | appointed me only on 1.6.2011. Actually, I ought to have been promoted with effect from 4.11.2010. This may be noted please. |
| 2 | 15.7.2011 onwards | Additional post for 2011-12 | Smt. Jayasree T.A. was appointed against this post on 15.7.2011, subsequently shifted to resignation vacancy of Smt. Dhanya K.M. on 18.10.2011. (Hence a vacancy arose w.e.f 18.10.2011). I was appointed to this vacancy w.e.f 18.10.2011. |
| 3 | 4.9.2012 to 2.3.2013 | Maternity Leave vacancy of Smt. Ajitha Gupta E. | Shifted to another vacancy from 1.3.2013 |
| 4 | 1.3.2013 to 16.8.2013 | Maternity Leave vacancy of Smt. Shony Claurance | Shifted to another vacancy from 4.6.2013 |
| 5 | 4,6.2013 to 14.7.2018 | LWA vacancy of Smt Sheeja S. | This vacancy is still existing. Smt Sheeja S. is not attending school from 4.6.2013 onwards. |
| 6 | 15.7.2018 onwards | Additional post created during 2018-19 | Initially approved notionally from 15.7.2018 to 14.7.2019 by the DEO. Subsequently revised from 15.7.2018 onwards as per GO(Rt)No. 2366/2024/GEDN Dated 22.3.2024. |

3. In brief, my service may be considered as HST English notionally from 15.7.2008 to 3.11.2010 and with monetary benefit from 4.11.2010 onwards, as shown below.

| | | |
|---|---|---|
| From 4.11.2010 to 17.10.2011 | : | LWA vacancy of Smt Ajitha Gupta E |
| From 18.10.2011 to 3.9.2012 | : | Additional post for 2011-12 (Smt Jayaree T.A. was working against this post from 15.7.2011. She was shifted to resignation vacancy from 18.10.2011) |

| | | |
|---|---|---|
| **From 4.9.2012 to 2.3.2013** | : | **Maternity Leave vacancy of Smt Ajitha Gupta E.** |
| **From 1.3.2013 to 16.8.2013** | : | **Maternity Leave vacancy of Smt Shony Claurance** |
| **From 4.6.2013 to 14.7.2018** | : | **LWA vacancy of Smt Sheeja S.** |
| **From 15.7.2018 onwards** | : | **Additional post created during 2018-19 (Initially approved notional from 15.7.2018 to 14.7.2019 by the DEO. Subsequently revised from 15.7.2018 onwards as per GO(Rt)No.2366/2024/GEDN Dated 22.3.2024.** |

**3.)** പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:

"ശ്രീ.ജോളി മാത്യു **02.06.2003** മുതൽ തച്ചമ്പാറ ദേശബന്ധു ഹൈസ്കൂളിൽ യു.പി.എസ്.ടി. ആയി അംഗീകാരത്തോടെ നിയമിതനായി. **2023-24** വർഷത്തെ തസ്തികനിർണ്ണയ ഉത്തരവ് പ്രകാരം തസ്തിക നഷ്ടപ്പെട്ടതിനാൽ എടത്തനാട്ടുകര പി.കെ.എച്ച്.എം.ഒ.യു.പി.സ്കൂളിൽ സംരക്ഷിത അധ്യാപകനായി **04.01.2023** മുതൽ പുനർവിന്യസിക്കപ്പെട്ടു.

ശ്രീ.ജോളി മാത്യൂ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും **1996**-ൽ സാമൂഹ്യശാസ്ത്രത്തിൽ ബി.എഡ്.-ഉം മധുരൈ കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്ന് **2006**-ൽ ഇംഗ്ലീഷിൽ എം.എ.യും നേടി. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്ന് **2012**-ൽ ഇംഗ്ലീഷ് ബി.എഡ്. നേടി. **01.06.2007**-ൽ ഇംഗ്ലീഷിലുള്ള ബിരുദാനന്തര ബിരുദം സർവ്വീസ് പുസ്തകത്തിൽ ചേർത്തിരുന്നില്ല. **2007** സെപ്റ്റംബർ **20** ആണ് സർട്ടിഫിക്കറ്റ് തീയതി. **01.06.2007**-ൽ നിലവിൽ വന്ന ഒഴിവിൽ മാനേജർ ഇദ്ദേഹത്തിന്റെ പ്രപ്പോസൽ നൽകിയിരുന്നില്ല. അതിനെതിരെ ശ്രീ.ജോളി മാത്യു സമർപ്പിച്ച ഹർജികൾ **01.01.2007**-ലെ അംഗീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ അദ്ദേഹത്തിന്റെ പേര് ഇല്ല എന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഉപഡയക്ടറും നിരസിച്ചു ഉത്തരവായിട്ടുണ്ട്. അതേ കാരണത്താൽ ടിയാന്റെ ഹർജി ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു. ഇതിനെതിരെ ശ്രീ.ജോളി മാത്യു ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തു ഡബ്ല്യു.പി.(സി) **5292/2008**-ന്മേൽ **14.02.2008**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഹിയറിങ് നടത്തുകയും റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് സ.ഉ.നം.**3650/08**/പൊവിവ തീയതി **07.08.2008** പ്രകാരം ഉത്തരവായിട്ടുണ്ട്. കെ.ഇ.ആർ അദ്ധ്യായം **X X X I** റൂൾ **2(2)(b)(x)** പ്രകാരം എച്ച്.എസ്.എ.(ഇംഗ്ലീഷ്) യോഗ്യത ഇംഗ്ലീഷ് ബിരുദവും ഇംഗ്ലീഷ് ഓപ്ഷണൽ

ആയുള്ള ബി.എഡും ആണ്. ഇംഗ്ലീഷ് ബി.എഡ്. ഉള്ളവർ ഇല്ല എങ്കിൽ മറ്റു വിഷയം ഉള്ളവരെയും പരിഗണിക്കാം. ടിയാന് ഇംഗ്ലീഷ് ബിരുദം ഇല്ലായിരുന്നു. കൂടാതെ, **19.07.2005**-ലെ സ.ഉ.(പി)നമ്പർ.**220/05** പ്രകാരം എച്ച്.എസ്.എ. പ്രമോഷന് അതത് വിഷയങ്ങളിലെ ബി.എഡ്. ആവശ്യമാണ്. **24.02.2012**-ലാണ് ഇദ്ദേഹം ഇംഗ്ലീഷ് ബി.എഡ്. നേടുന്നത്. തുടർന്ന് **05.01.2009**-ലെ സ.ഉ.(പി) **02/09** പ്രകാരം ഇംഗ്ലീഷ് ബി.എഡ്. ഉള്ളവർ ഇല്ല എങ്കിൽ മറ്റു വിഷയം ഉള്ളവരെയും പരിഗണിക്കാം എന്നതും ഒഴിവാക്കപ്പെട്ടു. അതിനാൽ **2008-09** വർഷം മാനേജർ ഇദ്ദേഹത്തിന് നിയമന ഉത്തരവ് നൽകിയാലും അംഗീകരിക്കാൻ കഴിയില്ലായിരുന്നു. മാനേജർ പ്രപ്പോസൽ സമർപ്പിക്കാത്തതിനെതിരെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ പരാതിക്ക് മറുപടി നൽകാത്തതിനെതിരെയും **01.06.2009**-ന് ഗവൺമെന്റിൽ പരാതി നൽകിയതായി കാണുന്നു. കൂടാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി)നം. **9914 of 2012(L)**-ലെ **22/1/2021**-ലെ വിധിന്യായപ്രകാരം സർക്കാരിനെ സമീപിക്കാനാണ് ഉത്തരവായിട്ടുള്ളത്.

**01.06.2011** മുതൽ **19.11.2011** വരെ ലീവ് വേക്കൻസിയിൽ പ്രമോട്ട് ചെയ്ത പ്രപ്പോസൽ **17.04.2019**-ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ലഭിച്ചിരുന്നു. കാലതാമസം കൊണ്ടും ആവശ്യമായ മറ്റ് രേഖകൾ ഇല്ല എന്ന കാരണത്താലും ടി പ്രൊപ്പോസൽ നിരസിക്കപ്പെട്ടു. **2011-12** വർഷത്തെ അധികതസ്തികയിൽ ഇദ്ദേഹത്തെ **18.10.2011**-ൽ പ്രമോട്ട് ചെയ്ത നിയമന പ്രപ്പോസൽ **14.07.2019**-ന് സമർപ്പിച്ചിരുന്നു. കാലതാമസം കൊണ്ടും, ആവശ്യമായ മറ്റ് രേഖകൾ ഇല്ല എന്ന കാരണത്താലും ടി നിയമനവും നിരസിക്കപ്പെട്ടു. **04.09.2012** മുതൽ **02.03.2012** വരെ ലീവ് വേക്കൻസിയിൽ പ്രമോട്ട് ചെയ്ത് **19.10.2013**-ന് അപേക്ഷ സമർപ്പിച്ചിരുന്നു. കാലതാമസം കൊണ്ട് ടി അപേക്ഷയും നിരസിക്കപ്പെട്ടു. **17.08.2015**-ന് കാലതാമസം മാപ്പാക്കിയ ഉത്തരവ് ലഭിച്ചെങ്കിലും നിയമന അപേക്ഷ മാനേജർ പുനർസമർപ്പിച്ചത് **02.08.2017**-നാണ്. അതിനാൽ വീണ്ടും നിരസിക്കപ്പെട്ടു. **01.03.2013** മുതൽ **16.08.2013** വരെയുള്ള ലീവ് വേക്കൻസിയിൽ പ്രമോട്ട് ചെയ്ത അപേക്ഷ **02.08.2017**-ന് ലഭിക്കുകയും കാലതാമസം കൊണ്ടും, ആവശ്യമായ മറ്റ് രേഖകൾ ഇല്ല എന്ന കാരണത്താലും അപേക്ഷ നിരസിക്കപ്പെട്ടു. **04.06.2013** മുതൽ **24.06.2015** വരെയുള്ള എൽ.ഡബ്ല്യു.എ ലീവ് വേക്കൻസിയിൽ പ്രമോട്ട് ചെയ്തു **16.06.2015**-ന് അപേക്ഷ ലഭിച്ചു. കാലതാമസം കൊണ്ടും ആവശ്യമായ മറ്റ് രേഖകൾ ഇല്ല എന്ന കാരണത്താലും അപേക്ഷ നിരസിക്കപ്പെട്ടു. **25.06.2015** മുതൽ **24.06.2017** വരെയുള്ള എൽ.ഡബ്ല്യു.എ. ലീവ് വേക്കൻസിയിൽ പ്രമോട്ട് ചെയ്ത് **15.06.2017**-ന് അപേക്ഷ ലഭിച്ചു. കാലതാമസം കൊണ്ടും ആവശ്യമായ മറ്റ് രേഖകൾ ഇല്ല എന്ന കാരണത്താലും അപേക്ഷ നിരസിക്കപ്പെട്ടു. **01.06.2017** മുതൽ ശ്രീമതി ഷീജ

എസ്.-ന്റെ അവധി ഒഴിവിൽ നിയമന അപേക്ഷ ലഭിച്ചു അവധി അനുവദിച്ച ഉത്തരവ് ഉൾപ്പെടെയുള്ള രേഖകൾ സമർപ്പിക്കാത്തതിനാൽ നിയമനം നിരസിച്ചു. 2018-19 വർഷത്തെ അധികതസ്തികയിൽ 01.06.2018 മുതൽ നിയമനം നടത്തി. 14.06.2018-ന് അപേക്ഷ നൽകി. വിവിധ കാരണങ്ങളാൽ 05.09.2018-ൽ നിയമനം നിരസിച്ചു. യു.പി.എസ്.ടി. തസ്തികയിൽ നിയമന അംഗീകാരത്തോടെ തുടർന്ന് വരുന്ന റൂൾ 43 അവകാശിയായ ശ്രീ.ജോളി മാത്യുവിനെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) അധ്യാപിക ശ്രീമതി ഷീജ എസ്.-ന്റെ ശൂന്യവേതന അവധി ഒഴിവിൽ പ്രോമോട്ട് ചെയ്ത് നിയമിച്ചിരുന്നെങ്കിലും, ശ്രീമതി ഷീജ എസ്.-ന്റെ അവധി അംഗീകരിക്കാത്തതിനാൽ ടി നിയമനം അംഗീകരിച്ചിട്ടില്ല. എന്നാൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ശൂന്യവേതന അവധി ഒഴിവിൽ നിന്നും ഷിഫ്റ്റ് ചെയ്ത് 2018-2019 വർഷം അനുവദിച്ചിരുന്ന അധിക എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തികയിലേക്ക് 01.06.2018 മുതൽ സ്ഥാനക്കയറ്റം നൽകിയാണ് 06.02.2021-ലെ സ.ഉ.(പി)നം.04/2021/പൊ.വി.വ പ്രകാരം മാനേജർ ശ്രീ.ജോളി മാത്യുവിന്റെ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. നിയമനത്തിനാവശ്യമായ തസ്തിക 2018-19-ൽ ഉണ്ട്. 2019-20-ൽ ടി തസ്തിക നഷ്ടപ്പെടുന്നുണ്ട്. ശ്രീ. ജോളി മാത്യുവിന്റെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലേയ്ക്കുള്ള നിയമനം 15.07.2018 മുതൽ 14.07.2019 വരെ നിജപ്പെടുത്തി അംഗീകരിച്ചു. തുടർന്ന് 1:40 അനുപാതത്തിൽ നിലനിർത്താം എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർന്ന് വരുന്നു. 2022-23-ലെ തസ്തിക നിർണ്ണയം റിവൈസ് ചെയ്തതിന്റെ ഫലമായി തസ്തിക നഷ്ടപ്പെടുകയും എടത്തനാട്ടുകര പി.കെ.എച്ച്.എം.ഒ.യു.പി.എസ്.ൽ പ്രൊട്ടക്ടഡ് അധ്യാപകനായി 04.01.2023 മുതൽ പുനർവിന്യസിക്കപ്പെട്ടു എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ജോളി മാത്യുവിന്റെ നിയമനം നിരസിച്ചതിനെതിരെ അപ്പീൽ ഒന്നും സമർപ്പിച്ചതായി കാണുന്നില്ല.

മേൽ വസ്തുതകൾ വിവരിച്ച സാഹചര്യത്തിൽ ശ്രീ.ജോളി മാത്യുവിന്റെ ഹർജിയിലെ ആവശ്യം പരിഗണിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെടുന്നു."

4) സർക്കാർ മേൽ വിഷയം ഹർജിക്കാരന്റെ വാദങ്ങളും സമർപ്പിച്ച രേഖകളും വിദ്യാഭ്യാസഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. KER Chapter 14 A Rule 43 അവകാശിയായ ഹർജിക്കാരന് എച്ച്.എസ്.എ. (ഇംഗ്ലീഷ്) ഒഴിവിൽ 15.07.2008 മുതൽ 3.11.2010 വരെ notional ആയും 04.11.2010 മുതൽ ശമ്പളാനുകൂല്യങ്ങളോടെയും നിയമനം നൽകണമെന്നാണ് EXT P1 & P5-ൽ ആവശ്യപ്പെട്ടിരിക്കുന്നത്. 2023 വർഷം ഒരു എച്ച്.എസ്.എ.(ഇംഗ്ലീഷ്) തസ്തിക അബോളിഷ് ചെയ്തതിനെ തുടർന്ന്, ഹർ ജിക്കാരനെ 04.01.2023 മുതൽ

എടത്തനാട്ടുകര പി.കെ.എച്ച്.എം.ഒ.യു.പി.എസ്.-ൽ പുനർവിന്യസിച്ചിട്ടുണ്ടെന്നും, ടിയാന് **18.01.2018** മുതലുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് നൽകണമെന്നാണ് **EXT P4**-ൽ ആവശ്യപ്പെടുന്നത്. ഹർജിക്കാരൻ തച്ചമ്പാറ ദേശബന്ധു ഹൈസ്കൂളിൽ അവധി ഒഴിവിൽ **27.06.2002** മുതൽ **31.03.2003** വരെ യു.പി.എസ്.ടി. ആയി നിയമിക്കപ്പെട്ടു. ടി സ്കൂളിൽ **02.06.2003** മുതൽ ടിയാന് റെഗുലർ യു.പി.എസ്.ടി. ആയി നിയമനാംഗീകാരം ലഭിച്ചു. **2023-24** വർഷത്തെ തസ്തികനിർണയത്തിൽ തസ്തികനഷ്ടത്തെ തുടർന്ന് ടിയാനെ എടത്തനാട്ടുകര പി.കെ.എച്ച്.എം.ഒ.യു.പി.എസ്.ൽ **04.01.2023** മുതൽ സംരക്ഷിത അധ്യാപകനായി പുനർവിന്യസിച്ചു. ഹർ ജിക്കാരൻ **1996**-ൽ എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും സാമൂഹ്യശാസ്ത്രത്തിൽ **B.Ed**-ഉം **2006**-ൽ മധുരൈ കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ.(ഇംഗ്ലീഷ്)ഉം **2012**-ൽ **IGNOU**-ൽ നിന്നും **B.Ed.**(ഇംഗ്ലീഷ്)-ഉം നേടി. **01.06.2007**-ൽ നേടിയ എം.എ.(ഇംഗ്ലീഷ്) സർവീസ് ബുക്കിൽ ചേർത്തിരുന്നില്ലെന്നും, സർട്ടിഫിക്കറ്റിന്റെ തീയതി **2007** സെപ്റ്റംബർ **20** ആണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

**01.06.2007**-ൽ നിലവിൽ വന്ന എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ഒഴിവിൽ മാനേജർ ഹർജിക്കാരന്റെ പ്രൊപ്പോസൽ നൽകിയിരുന്നില്ലെന്നും, **01.01.2007**-ൽ അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ പേരില്ലാത്തതിനാലാണ് ടിയാന്റെ സ്ഥാനക്കയറ്റ അപേക്ഷ നിരസിച്ചതെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത **WP(C)No.5292/2008**-ന്മേലുള്ള **14.02.2008**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച **G.O.(Rt)No.3650/2008/GEDN dated 07.08.2008** പ്രകാരം ടിയാന്റെ സ്ഥാനക്കയറ്റം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ചിരുന്നു.

കെ.ഇ.ആർ. അധ്യായം **XXXI** ചട്ടം **2(2)(b)(x)** പ്രകാരം എച്ച്.എസ്.എ.(ഇംഗ്ലീഷ്)-ന് വേണ്ട യോഗ്യത ഇംഗ്ലീഷ് ബിരുദവും ബി.എഡ്. ഇംഗ്ലീഷും ആണെന്നും ഇംഗ്ലീഷ് ബി.എഡ്. ഇല്ലെങ്കിൽ മറ്റു വിഷയങ്ങളിൽ ബി.എഡ്. ഉള്ളവരെയും പരിഗണിക്കാമെന്നും, **19.07.2005**-ലെ **G.O.(P)No.220/2005/GEDN** പ്രകാരം എച്ച്.എസ്.എ. പ്രൊമോഷന് അതാത് വിഷയങ്ങളിലെ **B.Ed** ആവശ്യമാണെന്നും **05.01.2009**-ലെ **G.O.(P)No.2/2009/GEDN** പ്രകാരം **B.Ed (English)** ഇംഗ്ലീഷ് ഉള്ളവർ ഇല്ലെങ്കിൽ മറ്റുള്ളവരെ പരിഗണിക്കാം എന്നത് ഒഴിവാക്കപ്പെട്ടുവെന്നും, ഹർജിക്കാരൻ **B.Ed** ഇംഗ്ലീഷ് നേടിയിട്ടുള്ളത് **2012**-ൽ ആയതിനാൽ **2008-09** വർഷം ടിയാന് നിയമനം നൽകിയാലും പരിഗണിക്കുവാൻ കഴിയില്ലെന്നും, മാനേജർ ടിയാന്റെ നിയമന പ്രൊപ്പോസൽ സമർപ്പിക്കാത്തതിനെതിരെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ പരാതിയിൽ മറുപടി നൽകാത്തതിനെതിരെയും ടിയാൻ **01.06.2009**-ൽ സർക്കാരിൽ പരാതി നൽകിയിട്ടുണ്ടെന്നും, ടിയാൻ ഫയൽ ചെയ്ത

WP(C)No.9914/2012(L)-ന്റെ 22.01.2021-ലെ വിധിന്യായത്തിൽ സർക്കാരിനെ സമീപിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

01.06.2011 മുതൽ 19.11.2011 വരെയുള്ള ലീവ് വേക്കൻസിയിലെ പ്രൊമോഷൻ നിയമനം, 2011-12 വർഷത്തെ അധികതസ്തികയിൽ 18.10.2011 മുതൽ നൽകിയ പ്രമോഷൻ, 04.09.2012 മുതൽ 02.03.2012 വരെയുള്ള ലീവ് വേക്കൻസിയിലെ പ്രമോഷൻ, 01.03.2013 മുതൽ 16.08.2013 വരെയുള്ള ലീവ് വേക്കൻസിയിലെ പ്രമോഷൻ, 04.06.2013 മുതൽ 24.06.2015 വരെയുള്ള L W A വേക്കൻസിയിലെ പ്രമോഷൻ, 01.06.2017 മുതൽ ശ്രീമതി ഷീജ എസ്. അവധി എടുത്ത ഒഴിവിലുള്ള നിയമനം, 2018-19 വർഷത്തെ അധികതസ്തികയിൽ 01.06.2018 മുതൽ നൽകിയ പ്രൊമോഷൻ നിയമനം എന്നിവയെല്ലാം പ്രൊപ്പോസൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം കൊണ്ടും മതിയായ രേഖകൾ ഇല്ലാത്തതുകൊണ്ടും നിരസിച്ചുവെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി ഷീജ എസ്.-ന്റെ ശൂന്യവേതനാവധി അംഗീകരിച്ചിട്ടില്ലാത്തതിനാലാണ് ടിയാന്റെ 01.06.2017 മുതലുള്ള പ്രൊമോഷൻ അംഗീകരിക്കുവാൻ സാധിക്കാത്തതെന്നും, 2018-19 വർഷത്തെ അധികതസ്തികയിലെ നിയമനം 2019-20-ൽ ടി തസ്തിക നഷ്ടപ്പെടുന്നതിനാൽ, 06.02.2021-ലെ സ.ഉ.(പി.)നം.4/2021/പൊ.വി.വ. പ്രകാരം 15.07.2018 മുതൽ 14.07.2019 വരെ നിജപ്പെടുത്തി അംഗീകരിച്ചിട്ടുണ്ടെന്നും, 1:40 അനുപാതത്തിൽ നിലനിർത്താം എന്നതിന്റെ അടിസ്ഥാനത്തിൽ ടിയാൻ തുടർന്നു വരുന്നുണ്ടെന്നും, 2022-23-ലെ തസ്തിക നിർണയം റിവൈസ് ചെയ്തപ്പോൾ ടിയാന്റെ തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് ടിയാനെ എടത്തനാട്ടുകര പി.കെ.എച്ച്.എം.ഒ.യു.പി.എസ്.-ൽ 04.01.2023 മുതൽ പുനർവിന്യസിച്ചിട്ടുണ്ടെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

ഹർ ജിക്കാരൻ 2006-ൽ എം.എ.(ഇംഗ്ലീഷ്) യോഗ്യത നേടിയിട്ടുണ്ടെന്നും ടി വിവരം ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, അത് G.O.(Rt)No.3650/2008 dated 07.08.2008 ഖണ്ഡിക 6(2)-ൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, 2006-ൽ ടിയാന്റെ യോഗ്യത M.A.(English), B.Ed.(Socaial Science) എന്നിവയാണെന്നും, G.O.(Ms)No.184/2005/GEDN dated 14.06.2005 പ്രകാരം B.Ed.(English) ഉള്ളവരുടെ അഭാവത്തിൽ മറ്റ് വിഷയത്തിൽ ഉള്ളവരെയും പരിഗണിക്കാമെന്നും, ടി വ്യവസ്ഥ നീക്കം ചെയ്ത് G.O.(P)No.2/2009/GEDN പുറപ്പെടുവിച്ചിരിക്കുന്നത് 05.01.2009-ൽ ആയതിനാൽ ടി തീയതിക്ക് മുൻപ് വരെ മറ്റു വിഷയങ്ങളിൽ B.Ed ഉള്ളവരെ പരിഗണിക്കാമെന്നാണ് അർത്ഥമാക്കുന്നതെന്നും, ഇത് സംബന്ധിച്ച KER ഭേദഗതി വരുന്നത് 2012-ൽ മാത്രമാണെന്നും ഹർജിക്കാരൻ

വാദിക്കുന്നു.

5) ഹർജിക്കാരന്റെ വാദം പരിശോധിക്കുമ്പോൾ ടിയാൻ സ്ഥാനക്കയറ്റ നിയമനത്തിന് അവകാശം ഉന്നയിക്കുന്ന കാലയളവിൽ നിലനിന്നിരുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ടിയാൻ യോഗ്യനാണ്. പല കാലയളവുകളിലായി ടിയാന് നിയമനം നൽകിയിട്ടുണ്ടെങ്കിലും, പരിഹരിച്ച് നൽകാവുന്ന കാരണങ്ങൾ ഉന്നയിച്ച് നിയമനങ്ങൾ നിരസിച്ചു നൽകുകയാണ് ഉണ്ടായിട്ടുള്ളത്. ടിയാന് നിയമനാംഗീകാരം നൽകാത്ത ടി കാലയളവുകളിൽ പുതുതായി നിയമിക്കപ്പെട്ടവർക്ക് നിയമനാംഗീകാരം നൽകിയിട്ടുള്ളതായും ഹർജിക്കാരൻ വാദിക്കുന്നു. അതായത്, **2008-09** വർഷം അനുവദിച്ച രണ്ട് എച്ച്.എസ്.ടി. തസ്തികകളിൽ ടിയാന് നിയമനം നൽകാതെ, ശ്രീ.ജീജു ജി., ശ്രീമതി അജിത ഗുപ്ത എന്നിവരെ നിയമിച്ചുവെന്നും ശ്രീ.ജീജു **31.05.2009**-ന് രാജിവച്ചുവെന്നും, **15.01.2009** മുതൽ നിയമിക്കപ്പെട്ട ശ്രീമതി അജിത ഗുപ്തയ്ക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ റിപ്പോർട്ട് ചെയ്യുന്നു.

6) ശ്രീ ജീജു രാജിവച്ച ഒഴിവിൽ ശ്രീമതി റെമി ജോസഫിനെ **01.06.2009** മുതൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയി നിയമിക്കുകയും നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടെന്നും, **04.11.2010** മുതൽ **14.10.2011**വരെ ശ്രീമതി അജിത ഗുപ്ത ശൂന്യവേതനാവധി ഒഴിവിൽ പ്രവേശിച്ചപ്പോഴുണ്ടായ ഒഴിവിലെ നിയമനത്തിനും ടിയാന് അംഗീകാരം നൽകിയിട്ടില്ലെന്നും **2011-12**-ൽ അനുവദിച്ച എച്ച്.എസ്.ടി. (ഇംഗ്ലീഷ്) അധിക തസ്തികയിലും ശ്രീമതി ജയശ്രീ ടി.എ.യെ നിയമിച്ചുവെന്നും, **18.10.2011**-ന് ശ്രീമതി ധന്യ കെ.എം. രാജിവച്ച ഒഴിവിലും ടിയാനെ പരിഗണിച്ചില്ലെന്നും, **2011-12**-ലെ അധികതസ്തികയിൽ തുടർന്നിരുന്ന ശ്രീമതി ജയശ്രീയെ ടി ഒഴിവിൽ മാറ്റി നിയമിക്കുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തുവെന്നും, ഇതിനെതിരെ ഫയൽ ചെയ്ത **WP(C)No. 9914/2012**-ന്റെ **21.01.2021**-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ **04.03.2023**-ന് സർക്കാരിൽ അപ്പീൽ സമർപ്പിച്ചുവെന്നും, **2018-19**-ൽ വന്ന എച്ച്.എസ്.ടി. ഇംഗ്ലീഷ് അധികതസ്തികയിലുള്ള ടിയാന്റെ പ്രൊമോഷൻ **15.07.2018** മുതൽ **14.07.2019** വരെ നോഷണലായാണ് അംഗീകരിച്ചതെന്നും ധാരാളം ഒഴിവുകൾ ഉണ്ടായിട്ടും ടിയാനെ പരിഗണിക്കാത്ത ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമല്ലെന്നും അതിനാൽ ടിയാന്റെ പ്രൊമോഷൻ **15.07.2008** മുതൽ പരിഗണിച്ച് എച്ച്.എസ്.ടി. സീനിയോറിറ്റി അനുവദിക്കണമെന്നും ഹർജിക്കാരൻ അഭ്യർത്ഥിച്ചിരുന്നു.

7) **G.O.(Rt)No.3650/2008 dated 07.08.2008** ഉത്തരവിൽ **1/10/2007**ൽ മാത്രമാണ്

ഹർ ജിക്കാരൻ **MA English** പാസ്സായതായി രേഖപ്പെടുത്തിയിട്ടുള്ളതെന്നതിനാലും ടിയാന് ഇംഗ്ലീഷ് വിഷയത്തിലല്ലാതെയുള്ള ബി.എഡ് പരിഗണിക്കുകയാണെങ്കിൽ ടിയാനേക്കാൾ സീനിയർ ആയ അധ്യാപകരുണ്ടെന്നും ഉള്ള കാരണത്താലാണ് **1/6/2007**ൽ നിലവിൽ വന്ന ഒഴിവിൽ നിയമനം പരിഗണിക്കാതെ നിരസിച്ചത്. ഒഴിവു വന്ന സമയത്ത് യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടി ഒഴിവിൽ നിയമനം ആവശ്യപ്പെടാനാവില്ല. **2008-09**ൽ ഉണ്ടായ ഒഴിവിൽ **15/7/2008** മുതൽ ടിയാന് സ്ഥാനക്കയറ്റം നൽകണം എന്നതാണ് നിലവിലെ ആവശ്യം. ടിയാനെ പരിഗണിക്കാതിരുന്നതിന് കാരണമായി റിപ്പോർട്ട് ചെയ്തിരിക്കുന്നത് **5/1/2009**ലെ സ.ഉ(പി)നം.**2/2009**/പൊ.വി.വ പ്രകാരം അതാത് വിഷയത്തിലുള്ള ബി.എഡ് തന്നെ നിർബന്ധമാക്കിയതിനാലാണ് എന്നാണ്. എന്നാൽ **5/1/2009** മുതൽ മാത്രമാണ് ടി ചട്ടഭേദഗതിക്ക് പ്രാബല്യമെന്നതിനാൽ **15/7/2008** മുതൽ **2008-09**ൽ ഒഴിവുണ്ടായിരുന്നെങ്കിലും മറ്റ് യോഗ്യരായ സീനിയർമാർ ഇല്ലാത്ത പക്ഷവും ടിയാന് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്. പല കാലയളവുകളിലായി ടിയാന് നിയമനം നൽകിയിട്ടുണ്ടെങ്കിലും, പരിഹരിച്ച് നൽകാമായിരുന്ന തടസ്സങ്ങളാണ് ഉണ്ടായിട്ടുള്ളത്. ടിയാനെ നിയമിച്ചതിനുള്ള രേഖകളെല്ലാം ബന്ധപ്പെട്ട അധികാരിയുടെ മുൻപാകെ യഥാസമയം ചട്ടപ്രകാരം സമർപ്പിക്കേണ്ടത് മാനേജരാണ്. അതേ കാലയളവിൽ നടത്തിയ മറ്റു നിയമനങ്ങൾ സംബന്ധിച്ച രേഖകൾ പോരായ്മയില്ലാതെ മാനേജർ സമർപ്പിക്കുകയും വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നൽകുകയും ചെയ്തത് കണക്കിലെടുക്കുമ്പോൾ ശ്രീ.ജോളി മാത്യുവിന്റെ നിയമന ഉത്തരവ് അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ മാനേജർ ബോധപൂർവ്വമായ കാലതാമസം വരുത്തിയിട്ടുണ്ടെന്നു കാണുന്നു. എല്ലാ നിയമനശിപാർശകളും അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായതായി കാണുന്നു എന്നും അതിന് എന്തെങ്കിലും വ്യക്തമായ കാരണമില്ലാത്തതിനാൽ എല്ലാ നിയമന ശിപാർശകളിലും കാലതാമസം ഉണ്ടായ സാഹചര്യത്തിൽ മാനേജരുടെ ഭാഗത്തു നിന്നും മനഃപൂർവമായ കാലതാമസം ഉണ്ടായി എന്നേ കാണാനാവൂ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**8)** മേൽ സാഹചര്യത്തിൽ നിയമന പ്രൊപ്പോസലുകൾ യഥാസമയം സമർപ്പിക്കുന്നതിലുണ്ടായ കാലതാമസമാണ് ഹർജിക്കാരന്റെ **01/06/2011** മുതലുള്ള വിവിധ ഒഴിവുകളിലെ നിയമനം നിരസിക്കാനുള്ള തടസ്സമെന്നതിനാൽ പ്രസ്തുത കാലതാമസം മാപ്പാക്കി പ്രസ്തുത ഒഴിവുകളിലെ നിയമനം അംഗീകരിക്കുന്നതിനും; **15/07/2008** മുതൽ **2008-09**ൽ ഒഴിവുണ്ടായിരുന്നെങ്കിൽ, മറ്റ് യോഗ്യരായ സീനിയർമാർ ഇല്ലാത്ത പക്ഷം, ഹർജിക്കാരന്റെ സ്ഥാനക്കയറ്റ നിയമനം **15/07/2008**

മുതൽ അംഗീകരിക്കുന്നതിനും; ശ്രീ. ജോളി മാത്യുവിന് നിയമനാംഗീകാരം നൽകാത്ത കാലയളവുകളിൽ, പുതുതായി നിയമിക്കപ്പെട്ടവർക്ക് നിയമനാംഗീകാരം നൽകിയിട്ടുള്ളതിനാൽ **2008-09** മുതൽ നിയമിക്കപ്പെട്ടവരുടെ ഭാഗം കൂടി കേട്ടതിനു ശേഷം സീനിയോറിറ്റി പുനഃനിർണയിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി പാലക്കാട് എടത്തനാട്ടുകര പി.കെ.എച്ച്.എം.ഒ.യു.പി.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീ. ജോളി മാത്യു ഫയൽ ചെയ്ത **WP(C)No. 47/2024**-ന്മേൽ ബഹു. ഹൈക്കോടതി **05.04.2024** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**M RATHEESH**
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, പി.കെ.എച്ച്.എം.ഒ.യു.പി.എസ്., എടത്തനാട്ടുകര, പാലക്കാട്
ശ്രീ.ജോളി മാത്യു, എച്ച്.എസ്.ടി.(ഇംഗ്ലീഷ്), പി.കെ.എച്ച്.എം.ഒ.യു.പി.എസ്., എടത്തനാട്ടുകര, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (**17.12.2024**-ലെ **GE-JA3/477/2024-G.EDN** പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
സെക്ഷൻ ഓഫീസർ
Date: 03-07-2025 11:36:24